## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4665**

**23-7-2015** ലെ മറുപടിക്ക്

### സഹകരണ മേഖലയൽ ഓപ്പറേഷൻ കുബേര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>„ അൻവർ സാദത്ത്<br>„ വി. ഡി സതീശൻ<br>„ ലൂഡി ലൂയിസ് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിനും, കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരായ സഹകാരികളെ രക്ഷിക്കുന്നതിനുമായി സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) 1. ദാരിദ്ര്യ രേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5000/- രൂപ വരെ വായ്പകൾ സ്വന്തം ജാമ്യത്തിൽ അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുക.<br>2. അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ നൽകുക.<br>3. ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണിമുതൽ വൈകുന്നേരം 8 മണിവരെ 12 മണിക്കൂറായി ദീർഘിപ്പിക്കുക.<br>4. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന വായ്പയുടെ പരിധി വർദ്ധിപ്പിക്കുക.<br>5. സ്വർണ്ണപണയ വായ്പയുടെ പരിധി ഉയർത്തുകയും പലിശനിരക്ക് 12% ആയി നിജപ്പെടുത്തുക. സഹകാരികൾ ക്ക് ഞായറാഴ്ചകളിൽ |

ഇടപാടുകൾ നടത്താൻ 'സൺഡേ ബാങ്കിംഗ്' നടപ്പിലാക്കുക, തുടങ്ങി കൊള്ളപ്പലിശക്കാരിൽ നിന്നും സ്വകാര്യ പണമിടപാടുകാരിൽ നിന്നും രക്ഷിച്ച് സഹകാരികൾക്ക് യഥാസമയം മതിയായ തോതിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ മേഖലയിൽ കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ.

സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(സി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടെ സഹകരണ മേഖല ഒട്ടാകെ വളരെ ക്രിയാത്മകമായി സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സ്വീകരിച്ച നടപടികളിൽ സഹകരിച്ചിട്ടുണ്ട്.

ഡി) ഇത് വഴി സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(ഡി)

1. ദാരിദ്ര്യ രേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5000/-രൂപ വരെ വായ്പകൾ സ്വന്തം ജാമ്യത്തിൽ അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.
2. അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
3. ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ, 12 മണിക്കൂറായി ദീർഘിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്
4. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% കുറച്ച് പരമാവധി 15% മായി കുറച്ചിട്ടുണ്ട്.
5. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12% മായും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഞായറാഴ്ചകളിൽ ബാങ്കിംഗ് പ്രവർത്തനം നടത്താൻ 'സൺഡേ ബാങ്കിംഗ്' ആവശ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു.

ഇതിനുപുറമേ, 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50000/ രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്. കൃത്യമായി വായ്പ മുതൽ തുക തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകി വരുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വർണ്ണ പണയ വായ്പാ പരിധി ഉയർത്തുകയും, സ്വർണ്ണപ്പണയങ്ങൾക്ക് പരമാവധി പലിശനിരക്ക് 12% ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇതിനു പുറമേ ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പയും കൃത്യമായി മുതൽതുക തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിത വായ്പയായി നൽകി വരുന്നു. ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുന്നു. നിലവിൽ ഉദാര വ്യവസ്ഥയിലാണ് വായ്പകൾ നൽകി വരുന്നത്. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ സഹകരണ മേഖലക്കും, സഹകാരികൾക്കും നേട്ടമുണ്ടാക്കിയിട്ടുള്ളതായി വിലയിരുത്തുന്നു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**